(ബി) ഈ സോണിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നത്; ഇതുകൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കൊച്ചിയിൽ വല്ലാർപാടത്ത് ഒരു ഫ്രീ ട്രേഡ് ആന്റ് വെയർഹൗസിംഗ് സോൺ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) സ്വതന്ത്ര കറൻസിയിലൂടെ വ്യാപാരം ചെയ്യാനുള്ള സൗകര്യവും ആവശ്യാനുസരണം സാധനങ്ങൾ ഇറക്കുമതി ചെയ്യാനും കയറ്റുമതി ചെയ്യാനും സൗകര്യങ്ങളോടുകൂടിയ തുറമുഖാധിഷ്ഠിതമായ പ്രസ്തുത മേഖലയിൽ താഴെ പറയുന്ന സൗകര്യങ്ങൾ ഉണ്ടാകും:

- രാസവസ്തുക്കൾ, ആഹാര പദാർത്ഥങ്ങൾ, ഔഷധങ്ങൾ എന്നിവ സൂക്ഷിക്കാനുള്ള സൗകര്യം.
- ശീതീകരണ സൗകര്യങ്ങൾ.
- ബൃഹത് കണ്ടെയ്നറുകളിൽ വരുന്ന സാധനങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള സൗകര്യങ്ങൾ.
- ആഗോള നിലവാരത്തിലുള്ള വിവരസാങ്കേതിക സംവിധാനം.
- കൊച്ചി തുറമുഖത്തിനടുത്തായി പ്രസ്തുത മേഖല സ്ഥിതിചെയ്യുന്നതിനാൽ ചരക്കുകളുടെ കൈമാറ്റം ആയാസരഹിതവും ചെലവു കുറഞ്ഞതും സൗകര്യപ്രദവുമായിരിക്കും. മാത്രവുമല്ല, ഈ സോണിൽ ആധുനികമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമായിരിക്കും.

കാഷ്യു കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും പ്രവർത്തനങ്ങൾ

25 [472] *ശ്രീ. എ. എ. അസീസ്:*

,, *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കാഷ്യു ഡെവലപ്മെന്റ് കോർപ്പറേഷനും കാപ്പെക്സിനും എന്ത് സാമ്പത്തികസഹായമാണ് നൽകിയിട്ടുള്ളത്;

(ബി) കോർപ്പറേഷന്റെ സാമ്പത്തികബാദ്ധ്യത അഞ്ച് തവണകളായി അടയ്ക്കാമെന്ന് സമ്മതിച്ചുകൊണ്ട് ബാങ്കുകൾക്ക് നൽകിയിട്ടുള്ള ഗ്യാരന്റിപ്രകാരം 2005 മാർച്ച് 31-നുമുമ്പ് നൽകേണ്ടുന്ന രണ്ടാമത്തെ ഗഡുവായ 31.5 കോടി രൂപ നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കോർപ്പറേഷനിൽനിന്നും റിട്ടയർ ചെയ്തിട്ടുള്ള എത്രപേർക്ക് എന്ത് തുക ഗ്രാറ്റുവിറ്റിയായി നൽകാനുണ്ട്;

(ഡി) കാപ്പെക്സിൽനിന്നും റിട്ടയർ ചെയ്ത എത്രപേർക്ക് എന്ത് തുക ഗ്രാറ്റുവിറ്റിയായി നൽകാനുണ്ട്;

(ഇ) കോർപ്പറേഷനിലും കാപ്പെക്സിലും സമിതമായി പ്രവർത്തനം നടക്കുന്നില്ലെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷന് ബോണസ് നൽകാനും ഫാക്ടറി തുറന്നു പ്രവർത്തിപ്പിക്കാനും ഗ്രാറ്റുവിറ്റി നൽകാനും ബാങ്ക് ബാദ്ധ്യത ഒന്നാമത്തെ ഗഡു നൽകാനുമായി 52.08 കോടി രൂപ നൽകിയിട്ടുണ്ട്. കാപ്പെക്സിന് 8.01 കോടി രൂപ നൽകിയിട്ടുണ്ട്.

(ബി) കോർപ്പറേഷൻ ബാങ്കുകൾക്ക് ബാദ്ധ്യതയായ 107.57 കോടി രൂപ പലിശസഹിതം 5 വാർഷിക ഗഡുക്കളായി നൽകാൻ ഉത്തരവായിട്ടുണ്ട്. ഇപ്രകാരം ഒന്നാമത്തെ ഗഡു നൽകിയിട്ടുണ്ട്. രണ്ടാമത്തെ ഗഡുവായി 31.5 കോടി രൂപ നൽകുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) കോർപ്പറേഷനിൽനിന്നും 1998 മുതൽ റിട്ടയർ ചെയ്തിട്ടുള്ള 7078 പേർക്ക് ഗ്രാറ്റുവിറ്റിയായി ഏകദേശം 23.5 കോടി രൂപ നൽകാനുണ്ട്.

(ഡി) കാപ്പെക്സിൽനിന്നും 1998 മുതൽ 2004 വരെ പിരിഞ്ഞ 1525 ജീവനക്കാർക്ക് ഏകദേശം 2.51 കോടി രൂപ നൽകുവാനുണ്ട്.

(ഇ) കാപ്പെക്സിലും കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷനിലും വിവിധ കാലയളവുകളിൽ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിട്ടിട്ടുണ്ട്. എന്നാൽ 2000 മുതൽ അടഞ്ഞുകിടന്ന കാപ്പെക്സിൽ 7/02 മുതൽ പ്രവർത്തനം ആരംഭിക്കുകയും 2002-ൽ 29 ദിവസം പ്രവർത്തനം നടക്കുകയുമുണ്ടായി. 2003-ൽ 51 ദിവസവും 2004-ൽ 126 ദിവസവും 2005-ൽ നാളിതുവരെ 88 ദിവസവും കാപ്പെക്സിൽ തൊഴിൽ നൽകിയിട്ടുണ്ട്. കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷനിൽ 6-12-2004 മുതൽ പ്രവർത്തനം പുനരാരംഭിച്ച് കശുവണ്ടി ഫാക്ടറികളിൽ തുടർച്ചയായി ജോലി നടന്നുവരികയാണ്. ഈ വർഷം നാളിതുവരെ 135 ദിവസത്തെ ജോലി നൽകിയിട്ടുണ്ട്. ജോലി ഇപ്പോഴും തുടർന്നുവരികയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly